# മലയാളികളെ സമ്പൂർണ്ണമായി നിരക്ഷരരാക്കുകയാണ് വേണ്ടത്

സിവിക് ചന്ദ്രൻ

**ഓർമ്മയുണ്ടോ, നമ്മളെ നൂറുശതമാനം സാക്ഷരരാക്കിയ സമ്പൂർണ്ണ സാക്ഷരതായജ്ഞം. (സാക്ഷരകേരളം സുന്ദരകേരളം) ഇപ്പോൾ വർഷങ്ങൾ നീണ്ട ഉറക്കത്തിനും മറവിക്കുംശേഷം കേരള സാക്ഷരതാ അഥോറിട്ടിയുടെ കീഴിൽ ഇക്കഴിഞ്ഞ ഒക്ടോബർ രണ്ടുമുതൽ നാടൊട്ടുക്കും ജനവിദ്യാ കേന്ദ്രങ്ങളും അനുബന്ധ പരിപാടികളും തുടങ്ങിക്കഴിഞ്ഞു. ഒരു രണ്ടാം ഉത്സവത്തിന്റെ കൊടിയേറ്റം. എന്താണ് സാക്ഷരത? എങ്ങിനെയാവണം സാക്ഷരത? സ്വന്തം പേരെഴുതി ഒപ്പിടാനുള്ള അഭ്യാസമാണോ സാക്ഷരത?**

**ശ്രദ്ധേയമായ ഒരു ലേഖനം വീണ്ടും വായനയ്ക്ക്**

**– നിങ്ങളുടെ അഭിപ്രായങ്ങളറിയിക്കുമല്ലോ–**

## അ

നാട്ടിൻപുറത്തെ ചാണകം മെഴുകിയ കുടിലിൽനിന്നൊരാൾ നഗരത്തിലെ കോളജിൽ ചേരുമ്പോൾ ഒരു നപുംസകം, ചാരൻ, ശത്രു പിറക്കുകയാണ്. അതുകൊണ്ടാണ് തോക്കിനേക്കാൾ അക്ഷരത്തെ ഭയക്കേണ്ടത്. അക്ഷരം ഒരടിമയേയും മോചിപ്പിക്കുന്നില്ല. അത് വിശക്കുന്നവനല്ല ആയുധമാകുന്നത്. അത് സംസ്കാരത്തേയും നാടൻ നീതിബോധത്തേയും തിന്നുതീർക്കുന്ന അഗ്നിയാണാകുന്നത്. അക്ഷരത്താൽ ജ്ഞാനസ്നാനം ചെയ്യപ്പെടുന്നത് ജീവിതത്തിനും ജനതയ്ക്കും സംസ്കാരത്തിനും മൂല്യങ്ങൾക്കുമെതിരായ വ്യത്യസ്തമായ ഒരു മതത്തിലേക്കാണ്.

## ഇ

നമ്മുടെ നാട്ടിൽ ഇപ്പോൾ അടിയന്തിരമായി വേണ്ടത് സമ്പൂർണ്ണ സാക്ഷരതയല്ല, സമ്പൂർണ്ണ നിരക്ഷരതയാണെന്ന വിയോജിപ്പ് രേഖപ്പെടുത്താൻവേണ്ടി ഈ ലേഖനം. നാം ജീവിക്കാനും അതിജീവിക്കാനും അർഹരാണെന്ന് തെളിയിക്കാൻ അടിയന്തിരമായി വേണ്ടത് മലയാളിയെ പുനർവിദ്യാഭ്യാസം ചെയ്യിക്കുകയാണ്. നാം പാഠപുസ്തകങ്ങളിൽ കോളജുകളിലും സർവകലാശാലകളിലും പഠിച്ചത് മുഴുവൻ തലതിരിച്ചു വായിച്ചുതീർക്കണം. സർവ്വമാന ന്യൂസ് സ്റ്റാൻഡുകളിലും തൂങ്ങിക്കിടക്കുന്ന കന്നുകാലിത്തീറ്റകളിൽനിന്ന് രക്ഷപ്പെടണം. വൈകുന്നേരങ്ങളിൽ മുമ്പിൽ പിടിച്ചിരുത്തി തലവിഷം തീറ്റിച്ചുകൊണ്ടിരിക്കുന്ന മണ്ടൻ പെട്ടിയിൽനിന്ന് മോചിപ്പിക്കപ്പെടണം. പിന്നീട് നാം കർഷകനോട്, കരകൗശല തൊഴിലാളിയോട്, ദലിതനോട്, സ്ത്രീയോട്, കുട്ടികളോട്, മുത്തച്ഛനോടും മുത്തശ്ശിയോടും സംസാരിച്ചു തുടങ്ങണം. അനുഭവങ്ങളിൽനിന്ന് യാഥാർത്ഥ്യങ്ങളിൽനിന്ന് നിലത്തെഴുത്ത് പഠിച്ചുതുടങ്ങണം.

## ഉ

സാക്ഷരത അക്ഷരജാഥയല്ല. ശാസ്ത്ര മാസാചരണത്തിലെ ക്ലാസല്ല. ബാലറ്റ് പേപ്പറിന്റെ കൗണ്ടർഫോയിലിൽ ഇനീഷ്യൽ ചെയ്യാനോ, പള്ളിക്കൂടത്തിലെ ഒരു കുമ്പിൾ ഉച്ചക്കഞ്ഞിക്ക് പേരെഴുതി ഒപ്പിട്ട് കൈപ്പറ്റിയെന്ന് നന്ദി പ്രകാശിപ്പിക്കാനോ ഉള്ള ഒരു പാക്കേജ് പദ്ധതിയുമല്ല. സ്വന്തം അവസ്ഥയെ മാനുഷീകരിക്കാനും ഇരുട്ടിന്റെ ശക്തികളെ മറികടക്കാനുമുള്ള വ്യക്തിയുടേയും സമൂഹത്തിന്റേയും ഇച്ഛയെ ജ്വലിപ്പിക്കലാണത് സാക്ഷരത രണ്ട് കണ്ണുകളും അല്ല, മൂന്നാം കണ്ണാണ്. അഞ്ച് ഇന്ദ്രിയങ്ങളുമല്ല, ആറാം ഇന്ദ്രിയമാണ്. നിൽക്കുന്ന തറയുടെ കനലും ചുഴലിയും അറിയലാണത്. നക്ഷത്രങ്ങളിൽത്തന്നെ സ്വപ്നങ്ങളുടെ ഊഞ്ഞാലിടലാണത്.

അഭ്യസ്തവിദ്യനാണെന്നത് സാക്ഷരതയുടെ മാനദണ്ഡമാണോ? ചില മൂല്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് നാം സംസാരിക്കുന്നതെങ്കിൽ, ചില തിരിച്ചറിവുകളും വകതിരിവുകളും വിവേകങ്ങളുമായി ബന്ധപ്പെടുത്തിയാണ് സംഭാഷണം നടത്തുന്നതെങ്കിൽ ഇക്കാര്യം ബോധ്യപ്പെടും. ഡോക്റ്റർ എൻജിനീയർ, പ്രൊഫസർ... കുറ്റ്പ്രായത്തിൽ നക്ഷ



ത്രചിഹ്നമണിയുന്നവർ എല്ലാം വിദ്യാഭ്യാസംകൊണ്ട് സാക്ഷരരായിരിക്കേണ്ടതാണ്. എന്നാലങ്ങനെയാണോ? നമ്മുടെ ഡോക്റ്റർമാരെപ്പറ്റി രോഗികൾ സംസാരിക്കട്ടെ. എൻജിനീയർമാരെപ്പറ്റി റോഡുകളും പാലങ്ങളും കെട്ടിടങ്ങളും സംസാരിക്കട്ടെ. ചിന്തകനേയും എഴുത്തുകാരനേയും കലാകാരനേയും രാഷ്ട്രീയക്കാരനേയും പറ്റി ജനങ്ങൾ സംസാരിക്കട്ടെ. അഭ്യസ്തവിദ്യരായിട്ടും സാക്ഷരർ ആവാത്തതിന്റെ മുദ്രകൾ ഇങ്ങനെ തൊട്ടറിയുകയേ വേണ്ടു.

എന്താണ് നമ്മുടെ മൂല്യങ്ങൾ? നാമെന്താണ് വായിക്കുന്നത്? നാമെങ്ങനെയാണ് സംസാരിക്കുന്നത്? സഹജീവികളോട് നാമെങ്ങനെയാണ് പെരുമാറുന്നത്? ആർത്തി എന്ന ഒരൊറ്റ പദത്തിന്റെ പര്യായവും നാനാർത്ഥവുമായി നമ്മുടെ ശബ്ദകോശങ്ങൾ നിറഞ്ഞുപോയതെന്തോ? പാതകങ്ങളായ പാതകങ്ങളെല്ലാം നാം അഭ്യസ്തവിദ്യരുടെ കൺമുമ്പിൽവെച്ചാണ് നടക്കുന്നത്. ഒന്ന് പുരികം ചുളിക്കാനെങ്കിലും എന്തേ സർവകലാശാലകളിൽ തുലച്ചുകളയുന്ന വർഷങ്ങൾ നമ്മെ പഠിപ്പിക്കുന്നില്ല? പാഠപുസ്തകങ്ങളും പരീക്ഷകളും എല്ലാം പഠിപ്പിക്കുന്നത് 'ഞങ്ങൾ വെറും മാവിലായിക്കാരാ'ണെന്ന് കയ്യൊഴിയാനാണെന്നോ? 'ഇല്ല, ഇതിലെനിക്ക് പങ്കില്ല' എന്ന് വിളിച്ചുപറയാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റേയോ മാവേലി സ്റ്റോറിന്റേയോ ഭൂമി ചുറ്റുന്ന ക്യൂവിൽനിന്നൊരാൾ ഊഴം തെറ്റിച്ച് വരുമെന്ന ഒരൊറ്റ ആശ്വാസമോ?

ബാലവാടികൾ മുതൽ സർവ്വകലാശാലകൾ വരെ നിർവ്വഹിക്കുന്നത് ഒരേ ദൗത്യം. ഈ കിരാതമായ വ്യവസ്ഥിതിയുമായി വ്യക്തിയെ സമരസപ്പെടുത്തുക, അവനെ പിളർത്തുക, ചിതറിക്കുക, മുണ്ഡനം ചെയ്യുക, വർത്തമാന പത്രങ്ങളും പൈങ്കിളി വാരികകളും ചവച്ചുതിന്നു ജീവിക്കുന്ന ഒരു ജനതയായി മലയാളികൾ തരംതാണുപോയതിന്റെ പ്രധാന ഉത്തരവാദികൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായമാണ്. ഈ 'സരസ്വതീക്ഷേത്ര'ങ്ങളുടെ കോളാമ്പിക്കലമ്പലുകൾ എത്താതെ ആരെങ്കിലും അവശേഷിക്കുന്നുവെങ്കിൽ, അത് മുത്തശ്ശിമാരും കാരണവന്മാരും കുടിപ്പള്ളിക്കൂടം ആശാന്മാരും അനുഭവങ്ങളും പ്രവൃത്തികളും ചുണ്ടി, മിത്തുകളും സ്വപ്നങ്ങളും തൊട്ട് ഹരിശ്രീ പഠിപ്പിക്കുന്ന അങ്ങകലെ എവിടെയോ ഉള്ള നാട്ടിൻപുറത്തിന്റെ ചാണകം മെഴുകിയ ഇത്തിരിവട്ടമാണ്. അവിടത്തെ ഇനിയും അമ്പേ വറ്റിയിട്ടില്ലാത്ത നാട്ടുവെളിച്ചമാണ് മലയാളിയുടെ കുലം അന്യം വന്നുപോയിട്ടില്ലെന്ന് വിളിയിച്ചുപറയേണ്ടത്.

അവരുടെ നാടൻ നീതിബോധമാണ് നാളെ ആത്യന്തിക നിയമ സിംഹാസനങ്ങളെ തറ, പറ പഠിപ്പിക്കേണ്ടത്. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആദിവാസിക്കുന്നിലെ നാട്ടുകൂട്ടത്തിൽനിന്നും ഡോ. എം.എസ്.സ്വാമിനാഥൻ, ജോൺ എബ്രഹാം കുമരകത്തിന്റെ കുഴിമാടത്തിൽനിന്നും നാളെ നിലത്തെഴുത്ത് പഠിക്കേണ്ടിവരികതന്നെ ചെയ്യും.

(പാഠഭേദം)

CLASSIFIEDS